# നിറക്കൂട്ട്-2024



St.Mary's HSS
Kidangoor

# ആശംസ

ലിററിൽ കൈററ്സിലെ കുട്ടികൾ നിറക്കൂട്ട്-2024 എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയാറാക്കുന്നുഎന്നറഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.സാങ്കേതികവിദ്യയും സർഗാത്മകതയും ഒരുമിച്ച് ചേരുന്ന ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളുടെ കഴിവുകളെ വളർത്തിയെടുക്കാൻ സഹായിക്കട്ടെ .ഇതിൽ അണിചേരുന്ന അധ്യാപകർക്കും കുട്ടികൾക്കും പ്രത്യേക അഭിനന്ദനങ്ങൾ.ഇതുപോലുള്ള പ്രവർത്തനങ്ങൾ ഇനിയും ഉണ്ടാകട്ടെഎന്ന്ആശംസിക്കുന്നു.

ഹെഡ്മാസ്റ്റർ

എബി കുര്യാക്കോസ്

# ഉള്ളടക്കം


| Sl.No | Content | Page No. |
|---|---|---|
| 1) | പ്ലാസ്റ്ററിക് എന്ന ക്യാൻസർ | 1 |
| 2) | അക്ഷരശലഭം | 2 |
| 3) | കൊതിയും സ്നേഹവും | 3 |
| 4) | എൻറെ ഓർമയിലെ വിദ്യാലയം | 4 |
| 5) | കൗമാരവും വെല്ലുവിളികളും | 5 |
| 6) | ലഹരി എന്ന വില്ലൻ | 6 |
| 7) | ചിലങ്ക | 7 |
| 8) | പാത്തുമ്മയുടെ ആട് | 9 |
| 9) | അമ്മ | 10 |
| 10) | പ്രിയപ്പെട്ട മേഴ്സിടീച്ചറിന് | 11 |
| 11) | പുഞ്ചിരി | 12 |

# പ്ലാസ്റ്റിക് എന്ന ക്യാൻസർ

അത്യധികം ഭയാനകവും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു പ്രശ്നമാണ് പ്ലാസ്റ്റിക് മലിനീകരണം.ആഗോളതലത്തിൽ ഇത് ഒരു വെല്ലുവിളിയായി മാറിയിരിക്കുന്നു.ജീവന്റെ നിലനില്പിനുതന്നെ ഭീഷണിയായി തീർന്നിരിക്കുന്നു.

ജീവിതം സുഖകരമാക്കാനുള്ള മനുഷ്യന്റെ അന്വേഷണത്തിന്റെ ഒരു സംഭാവനയാണ് പ്ലാസ്റ്റിക്.ഈ കണ്ടുപിടുത്തം എല്ലാ മേഖലകളിലും വലിയ മാറ്റം വരുത്തി.പ്ലാസ്റ്റിക് ബോട്ടിലുകൾ,പേന ക്രൂടുകൾ, ,കളിപ്പാട്ടങ്ങൾ,പാത്രങ്ങൾ,ഇവയെല്ലാം നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഒരു ഭാഗമായിത്തീർന്നിരിക്കുന്നു.എന്നാൽ ഇവയുടെ നശീകരണം നമുക്ക് ഒരു തലവേദനയാണ് .പലരും പ്ലാസ്റ്റിക് കത്തിച്ചു കളയാൻ ശ്രമിക്കും.എന്നാൽ അത് കത്തുമ്പോഴുണ്ടാകുന്ന പുക ക്യാൻസർ പോലുള്ള മാരക രോഗങ്ങൾക്ക് കാരണമാകുന്നു.

മനുഷ്യനെ മാത്രമല്ല ,ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങളെയും അവയുടെ ആവാസവ്യവസ്ഥയെയും പ്ലാസ്റ്റിക് പ്രതികൂലമായി ബാധിക്കുന്നു.നദികളിലും പുഴകളിലും കെട്ടിക്കിടക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ മൽസ്യസമ്പത്തു താറുമാറാക്കുന്നു .വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉള്ളിൽച്ചെന്നു മൃഗങ്ങൾ ചത്തൊടുങ്ങുന്നു.ഒരിക്കലും വിഘടിക്കാതെ മണ്ണിനെ മലിനമാക്കുന്നു.അവ തുപ്പുന്ന തീ വായുവിനെ ദൂഷിപ്പിക്കുന്നു.

മാനവരാശി മുഴുവൻ ഒറ്റക്കെട്ടായി ഈ വിപത്തിനെതിരെ പൊരുതേണ്ട സമയമായി.പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കാനും പുനരുപയോഗിക്കാവുന്നതു പ്രോത്സാഹിപ്പിക്കാനും നാം ശ്രമിക്കണം.കടകളിൽനിന്നു സാധനങ്ങൾ വാങ്ങുമ്പോൾ പ്ലാസ്റ്റിക് കവറിനു പകരം തുണിസഞ്ചികൾ ശീലമാക്കണം.പ്ലാസ്റ്റിക് പാത്രങ്ങൾക്കു പകരം സ്റ്റീൽ പാത്രങ്ങൾ ഉപയോഗിക്കാം.വീടുകളിൽ മാലിന്യങ്ങൾ തരംതിരിച്ചു വെക്കുക.പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമസേനയെ ഏല്പിക്കുക.സ്കൂളുകളിൽ പ്ലാസ്റ്റിക് മാലിന്യവും അല്ലാത്തതും നിക്ഷേപിക്കാൻ ചപ്പുകൊട്ട വെക്കുക.പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത വസ്തുക്കൾ ഉപയോഗിച്ച് പ്രകൃതിയെ സംരക്ഷിക്കാൻ നോക്കണം. ശീലങ്ങൾ മാറ്റി നാം തന്നെ പ്രകൃതിയുടെ കാവൽക്കാരാകേണ്ടതാണ് .

എൽസ സിബി (9C)

# അക്ഷരശലഭം



അല്ലയോ അക്ഷരശലഭമേ നീ
പുസ്തകത്താളുകളിൽ പാറി  നടക്കുന്നു
ആദ്യമായി എഴുതിയ നേരം മുതൽ
എന്നുള്ളിൽ പതിഞ്ഞു ഹൃദ്യമായി
നിന്നെ പിടിച്ചെൻ കൂട്ടാളിയാക്കുവാൻ
എന്നുമെന്നും കൊതിക്കുന്നു ഞാൻ
നിൻ പല വർണ്ണമേനിയിൽ കൈതലോടുവാൻ
എന്നുമെന്നും  കൊതിക്കുന്നു ഞാൻ

**ഫിൽബിയ ഷിബു (6A)**

# കൊതിയും സ്നേഹവും

പുലർച്ചെ കിളികളുടെ ശബ്ദം കേട്ട് കാലി വയറുമായി എഴുന്നേറ്റു വരുന്നു നളിനി .തലേദിവസം ഒന്നും കഴിച്ചിട്ടില്ല..മകളുടെ ഈ അവസ്ഥയിൽ മാതാപിതാക്കൾ ആകുലരായിരുന്നു.അവർ മകളെ ആശ്വസിപ്പിക്കുന്നു .അവൾക്കു കൊടുക്കാനായി ശർക്കര ചേർത്ത കടുപ്പം കുറഞ്ഞ ഒരു ചായയുമായി അമ്മ ലീല വന്നു .ആ ചായയിൽ ഒരു പുതുമയും അവൾക്കു തോന്നിയില്ല .ലീല പണിക്കു പോകുമ്പോൾ നളിനിയും കൂടെ പോകും .പുല്ലിൽ തിളങ്ങുന്ന മഞ്ഞുതുള്ളികളെ ചവിട്ടി പൊട്ടിക്കാൻ അവൾക്കു വലിയ ഇഷ്ടമാണ് .

നളിനി സ്കൂളിൽ പോകാറില്ല.ദാരിദ്ര്യം തന്നെ കാരണം.അമ്മയോടോത്തുള്ള യാത്രയാണ് അവൾക്കു അറിവ് നൽകുന്നത് .അച്ഛൻ ഒരു മില്ലിൽ ജോലിചെയ്യുന്നു.ഒരുദിവസം നളിനി അച്ഛന്റെ കൂടെ മില്ലിൽ പോയി.സ്കൂൾ വിട്ടു കുട്ടികൾ അടുത്തുള്ള കടയിലേക്ക് ഓടി മിഠായി വാങ്ങുന്നത് അവൾ കണ്ടു.തനിക്കും ഒരെണ്ണം വാങ്ങി തരാമോ എന്ന് അവൾ അച്ഛനോട് ചോദിച്ചു.വാങ്ങി തരില്ല എന്ന അച്ഛന്റെ മറുപടി കേട്ട്അവൾ പിണങ്ങി .പിറ്റേദിവസം നളിനി വീട്ടിൽ തന്നെയിരുന്നു...വൈകുന്നേരം അച്ഛൻ വന്നപ്പോൾ അച്ചന്റെ കൈയിൽ ഒരു പൊതി..അവൾ ഓടിച്ചെന്നു തുറന്നു നോക്കി...മിഠായി.....അവളുടെ കണ്ണുകളിൽ സന്തോഷത്തിന്റെ തിളക്കം ...

കൃഷ്ണ ഗിരീഷ് (7B)

# എന്റെ ഓർമയിലെ വിദ്യാലയം

വിദ്യാലയം എന്നത് ഒരു നിശ്ചിത കാലത്തേക്ക് നമ്മുടെ ജീവിതത്തിൽ വരികയും,പെട്ടന്ന് തന്നെ കടന്നുപോകുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിന്റെ ഭാഗമാണല്ലോ.ആ കാലഘട്ടത്തെ സ്ക്കൂൾ കാലമെന്നും കുട്ടിക്കാലമെന്നുമൊക്കെ വിശേഷിപ്പിക്കാവുന്നതാണ്.ഒന്നാം ക്ലാസ് മുതൽ നാം പഠിക്കുന്ന സ്കൂളുകളെന്നും നമുക്ക് പ്രീയപ്പെട്ടതായിരിക്കും.അതിൽത്തന്നെ പ്രിയം ഒരല്പം കൂടുതൽ തിരിച്ചറിവുണ്ടായി തുടങ്ങിയ ആറാം ക്ലാസ് മുതലുള്ള കാലഘട്ടമായിരിക്കുമല്ലോ.ജീവിതത്തിലുടനീളം ഓർത്തിരിക്കാൻ  സാധിക്കുന്ന ഒരുപാട് ഓർമകളും,സൗഹൃദങ്ങളും സമ്മാനിക്കുന്ന ഒരു കാലഘട്ടം കൂടിയാണല്ലോ ഇത്.

ഒരു വിദ്യാലയ മുറ്റത്തേക്ക് ആദ്യം കയറുമ്പോൾ പരിചിതമായ ഒരു മുഖം പോലും നമുക്കുണ്ടാവില്ല.എന്നാൽ അവിടുന്ന് പടിയിറങ്ങുമ്പോൾ പിരിയാനാവാത്ത ഒരുപാട് സൗഹൃദങ്ങൾ നമുക്കുണ്ടാകും.അഞ്ചുമുതൽ പത്തുവരെ ഒരേ സ്ക്കൂളിൽ പഠിച്ച എനിക്ക് കൊറോണ എന്ന മഹാമാരിമൂലം നഷ്ടമായത് സ്ക്കൂൾ കാലഘട്ടത്തിലെ രണ്ടു വർഷങ്ങളാണ് .വിദ്യാലയം എന്നത് ഒരു കെട്ടിടം എന്നതിലുപരി ഒരുപാട് പേരുടെ ഓർമ്മകൾ കുടികൊള്ളുന്ന ഒരു പുണ്യസ്ഥലമെന്നു വിശേഷിപ്പിക്കാം .വിദ്യ അഭ്യസിക്കാൻ എത്തിച്ചേരുന്ന നാം അതോടൊപ്പം മൂല്യങ്ങളും തിരിച്ചറിവുകളും കൈമുതലാക്കണം .അതോടൊപ്പം കലാപരമായും കായികപരമായുള്ള നമ്മുടെ കഴിവുകളെ വികസിപ്പിക്കാൻ വിദ്യാലയത്തിന് സാധിക്കും. .കുട്ടികളുടെ  കഴിവുകളെ തിരിച്ചറിയാനും വികസിപ്പിക്കാനും എന്റെ സെന്റ്  മേരിസ് സ്ക്കൂൾ ആദ്യം മുതൽ തന്നെ ശ്രമിച്ചിട്ടുണ്ട്.

ഒരു വിദ്യാലയത്തെ അതിന്റെ പരിപൂർണതയിൽ  എത്തിക്കാൻ അധ്യാപകർ വഹിക്കുന്ന പങ്കു വലുതാണ്.ഒരു നല്ല സൗഹൃദബന്ധം സൃഷ്ടിക്കാൻ എന്നെ പഠിപ്പിച്ച ഓരോ അധ്യാപകനും അധ്യാപികയും ശ്രമിച്ചിട്ടുണ്ട്.തെറ്റായ വഴിയിലൂടെ സഞ്ചരിക്കുമ്പോൾ ശരിയായ ദിശ കാണിച്ചു തരുന്ന അധ്യാപകനെ മറക്കാൻ ഒരു വിദ്യാർഥിക്കും കഴിയില്ല .
സ്ക്കൂൾ കാലഘട്ടം അവസാനിച്ചു കൂട്ടുകാരെല്ലാം പലവഴി തിരിയുമ്പോഴും,വർഷങ്ങൾക്കുശേഷം ഈ മുറ്റത്തു ഒന്നുകൂടെ ഒത്തുകൂടണമെന്ന ചിന്തയാണ് ഓരോരുത്തരുടെയും മനസ്സിൽ .നല്ല സ്വഭാവങ്ങളെ പ്രോത്സാഹിപ്പിച്ചും തെറ്റുകൾ തിരുത്തിയും അറിവുകൾ പകർന്നുമുള്ള എത്രയെത്ര സൗഹൃദങ്ങൾക്കാണ് ഓരോ വിദ്യാലയവും സാക്ഷിയായിട്ടുള്ളത്.മുന്നോട്ടു എത്രയെത്ര സൗഹൃദങ്ങൾക്ക് സാക്ഷിയാകേണ്ടിയിരിക്കുന്നു.

എന്നെ ഞാനാക്കി മാറ്റിയ എന്റെ വിദ്യാലയമേ നന്ദി  .എന്റെ കഴിവുകളെ അംഗീകരിച്ച അധ്യാപകരെ നന്ദി.സെന്റ് മേരിസിന്റെ ചരിത്രത്തിന്റെ ഒരു ഭാഗമാകുവാൻ  എന്നെ അനുഗ്രഹിച്ച ദൈവമേ നന്ദി.

**മേഘ തോമസ് (10B )**

# കൗമാരവും വെല്ലുവിളികളും

ഒരാളുടെ ജീവിതത്തിൽ എന്നും മായാതെ നിറഞ്ഞു നിൽക്കുന്ന അനുഭവങ്ങളുടെയും സ്വപ്നങ്ങളുടെയും ഘട്ടമാണ് അവരുടെ ജീവിതത്തിൽ കഴിഞ്ഞുപോയ കൗമാരപ്രായം. ഈ പ്രായത്തിൽ നമ്മൾ ഇഷ്ടത്തോടെ കാണുകയും കേൾക്കുകയും ചെയ്യുന്ന വസ്തുതകളെ നമ്മുടെ സ്വപ്നത്തിന്റെ ഭാഗമാക്കാൻ നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കും. ജീവിതത്തിലെ ഏറ്റവും ആസ്വാദ്യകരമായ കാലവും കൗമാരമാണ്. അതുകൊണ്ട് ആരോഗ്യവും ആനന്ദവും നിറഞ്ഞ കൗമാരം വ്യക്തിവികാസത്തിന് അനിവാര്യമാണ്. കൗമാര പ്രായത്തിൽ നേരിടുന്ന ശാരീരിക മാറ്റങ്ങൾ അതുമൂലം ഉണ്ടാകുന്ന സ്വഭാവസവിശേഷതകൾ എല്ലാം നമ്മളെ സ്വപ്നലോകത്തിലൂടെ സഞ്ചരിക്കാനും അതിലേക്ക് എത്തിപ്പെടുവാൻ ഏതു മാർഗ്ഗവും സ്വീകരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. സ്നേഹിക്കപ്പെടുവാനുള്ള ആഗ്രഹം, മൊബൈൽ,കമ്പ്യൂട്ടർ എന്നിവയിലും, സാങ്കേതിക ആപ്ലിക്കേഷനിലും കാണിക്കുന്ന അതിയായ താല്പര്യം, മുതിർന്നവരുടെ ഇടപെടലുകളും നിർദ്ദേശങ്ങളും ഇഷ്ടപ്പെടാതിരിക്കുക, പ്രത്യേക കാര്യങ്ങളിൽ ആസക്തിയും ചിലപ്പോൾ വിരക്തിയും ഉണ്ടാകുക എന്നിങ്ങനെ അനവധി കൗമാര പ്രശ്നങ്ങൾ ദൈനംദിന അനുഭവത്തിൽ നിന്നും എല്ലാവർക്കും വ്യക്തമാണ്. ശാരീരിക മാനസിക മാറ്റങ്ങൾക്ക് വിധേയമാകുന്ന മറ്റൊരു കാര്യമാണ് ഭക്ഷണരീതിയിൽ വരുന്ന മാറ്റങ്ങൾ. കൂടുതൽ ഭക്ഷണം കഴിക്കുക ക്രമം തെറ്റിയുള്ള ഭക്ഷണരീതി എന്നിവയൊക്കെ ആരോഗ്യപ്രശ്നങ്ങളിലാണ് ചെന്നെത്തിക്കുക. മത്സരബുദ്ധിയും അപകടം നിറഞ്ഞ അഭ്യാസപ്രകടനങ്ങളും വേഷവിധാനങ്ങളും അപകടങ്ങൾ ക്ഷണിച്ചുവരുന്ന അവസരങ്ങളാണ്. കൗമാര പ്രായത്തിലെ വെല്ലുവിളികളെ തിരിച്ചറിഞ്ഞ് അതിനെ നല്ല രീതിയിൽ അഭിമുഖീകരിക്കുക എന്നതാണ് ഏറ്റവും നല്ല മാർഗ്ഗം. ഓരോ വ്യക്തിയുടെയും ശാരീരികവും മാനസികവും വൈകാരികമായ അവസ്ഥ തിരിച്ചറിഞ്ഞ് നേർവഴിയിലൂടെയാണ് സഞ്ചരിക്കുന്നത് എന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. നല്ല കുടുംബാന്തരീക്ഷവും കൂട്ടുകെട്ടുകളും നല്ല തലമുറയെ വാർത്തെടുക്കുവാൻ നമ്മളെ സഹായിക്കും. ഒരു കുട്ടിയുടെ സ്വഭാവസവിശേഷതകൾ സങ്കീർണമായാൽ വിദഗ്ധ ഉപദേശം തേടേണ്ടത് അനിവാര്യമാണ്. ഒരാളുടെ ജീവിതത്തിലെ സ്വഭാവരൂപീകരണം നടക്കുന്നത് കൗമാരത്തിലാണ്. സത്യവും ധൈര്യവും ആണ് സ്വാതന്ത്ര്യത്തിലേക്കുള്ള ചവിട്ടുപടികൾ. തനിച്ച് നേരിടാൻ പറ്റാത്ത വിഷയങ്ങൾ ഉണ്ടാകുമ്പോൾ മാതാപിതാക്കളുടെയും അധ്യാപകരുടെയും മുതിർന്നവരുടെയും ഉപദേശം തേടുക. ആരോഗ്യവും ആനന്ദവും നിറഞ്ഞ ഒരു കൗമാരം ആരോഗ്യവും ആനന്ദവും നിറഞ്ഞ ഒരു ജീവിതമാണ് നൽകുന്നത.

അജേഷ് ജോസ്

## ലഹരി എന്ന വില്ലൻ

ഒരാപത്താണ് എന്നറിഞ്ഞിട്ടും ലഹരി ഉപേക്ഷിക്കാതെ അതിനെ കൊണ്ടുനടക്കുന്ന ആളുകളുടെ സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ലഹരി അധികവും ഉപയോഗിക്കുന്നത് യുവജനങ്ങളാണ്. എത്ര ദൂഷ്യമാണെന്ന് അറിഞ്ഞിട്ടും അതില്ലാതെ ജീവിക്കാൻ അവർക്ക് ആവുന്നില്ല. ലഹരി ഉപയോഗത്തിന് ആദ്യമേ ആരും സ്വയം വഴങ്ങുന്നില്ല. സാഹചര്യങ്ങളാണ് അവരെ ആ അവസ്ഥയിൽ എത്തിക്കുന്നത്. യുവാക്കൾ മദ്യത്തിനും മയക്കമരുന്നിനും അടിമപ്പെടുന്നതിന് അനവധി കാരണങ്ങളാണ്.. കൂട്ടുകാരിൽ നിന്നും വീട്ടുകാരിൽ നിന്നും ഉള്ള ഒറ്റപ്പെടൽ, ഏകാന്തത, ഇഷ്ടമുള്ളവരുടെ അപ്രിയ അവസ്ഥ എന്നിവ ഉണ്ടാകുമ്പോൾ അഭയം തേടുന്നത് ലഹരിയിലാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപത്തും മറ്റു സ്ഥലങ്ങളിലും ലഹരിയുടെ ലഭ്യത വളരെയധികം ആണ്. ലഹരി വിറ്റു പിടിയിലാകുന്നവർ നിരവധിയാണ്. ഒരു കാര്യം വ്യക്തമാണ് ലഹരിക്ക് ആവശ്യക്കാർ ഏറെയാണ്. ആവശ്യക്കാരിൽ പലരും ചെറുപ്രായക്കാരും. പുതിയ തലമുറയെ നശിപ്പിക്കുന്ന വിപത്തായി മാറിയിരിക്കുന്നു ഇന്ന് ലഹരി.

ലഹരിക്ക് അടിമപ്പെട്ട ഒട്ടനവധി ആളുകളെ ആ വിപത്തിൽ നിന്ന് വിമുക്തരാക്കുക എന്നത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. അവർക്ക് സ്നേഹം നൽകുക ജീവിതത്തെ അവർ ലഹരിയായി കാണട്ടെ.. അതിനായി അവർക്ക് കരുത്തേകാൻ നമുക്ക് തോളോട് തോൾചേരാം.

ഏയ്ഞ്ചൽ ബേബി (9 C)



# ചിലങ്ക

രാപ്പാടികളുടെ സ്വരഗീതം മയങ്ങി. നീല പ്രഭാതം അങ്ങ് കിഴക്ക് പൊട്ടി ഉണരുന്നു. തറവാടിന്റെ മുറ്റത്തെ തുളസിത്തറയിൽ കത്തിയെരിഞ്ഞ തിരികൾ ഇപ്പോഴുമുണ്ട്. കിളികളുടെ കളകളാരവും പുഷ്പലതകളുടെ ഗന്ധവും തറവാടിന് ചുറ്റും ഒഴുകി നടക്കുന്നു.

തറവാടിന്റെ ചാവടിയിൽ നിന്നും താളഭംഗിയുള്ള ഒരു കാല്പെരുമാറ്റം കേൾക്കാം. ചാവടി യിലേക്ക് എത്തിനോക്കിയപ്പോൾ കണ്ടത് നൃത്തവിസ്മൃതി പോലെ നൃത്തലതകളിൽ ചാടുന്ന ഒരു മായാജാലം.. അതോ ദേവലോകത്ത് നിന്നും മണ്ണിലേക്ക് എത്തിയ ഒരു ദേവകന്യയുടെ നൃത്തവിസ്മയമോ എന്ന് തിരിച്ചറിയാനാവാത്ത ഒരു കാഴ്ച. അതിസുന്ദരിയായ ഒരു കന്യക അവിടെ മനം മയക്കുംവിധം ചില നൃത്തരൂപങ്ങൾ അവതരിപ്പിക്കുന്നു. തീക്കനൽ പോലെയുള്ള കണ്ണുകളും വാലിട്ടെഴുതിയ കരിമിഴികൾ, തല മുതൽ  പാദം വരെയുള്ള  കോലൻ മുടിയും. ആരെയും മയക്കുന്ന  മെയ് അഴകോട് കൂടിയ അതീവ സുന്ദരി.. ആരാണവൾ? പലപല ചിന്തകളും മനസ്സിലൂടെ കടന്നു പോകുന്നു. പെട്ടെന്ന് ആക്രോശവും ഭീകരതയും നിറഞ്ഞ ഒരു ശബ്ദം "ചന്ദ്രഭാമേ". അവളുടെ വല്യമ്മാമ്മ ആണ്..

" നിന്നോട് ഇനി മേലിൽ നൃത്തം ചെയ്യരുതെന്ന് പറഞ്ഞതല്ലേ, പിന്നെ എന്തുകൊണ്ടാണ് അത് അനുസരിക്കാത്തത്?. നിന്റെ അമ്മ ലക്ഷ്മി കാരണമാണ് ഈ വീട് നശിച്ചു പോയത്. നീയും അത് ആവർത്തിക്കാൻ പോകുവാ..? അങ്ങനെയെങ്കിൽ നിനക്കും നിന്റെ അമ്മയോടൊപ്പം പരലോകത്തിരുന്ന് നൃത്തം ചെയ്യാം. വലിയമ്മാമ്മയുടെ ക്രൂരമായ വാക്കുകൾ കേട്ടിട്ടും അവൾ ഒന്നും മിണ്ടിയില്ല. പക്ഷേ അവളുടെ കണ്ണുകൾ നിശബ്ദമായി ഈറനണിഞ്ഞു.

വല്യമ്മ പുച്ഛഭാവത്തിൽ മുഖം തിരിച്ച് തിരികെ നടന്നു.. കണ്ണിലെ നീരൊഴുക്ക് ശമിച്ച ചന്ദ്രഭാമ കുളക്കടവിനടുത്തുള്ള ആൽമരച്ചോട്ടിലേക്ക് നടന്നു.

അവളുടെ അമ്മ അവരുടെ കുടുംബത്തോട് ചെയ്ത തെറ്റിനെ കുറിച്ച് അവൾക്ക് പൂർണ്ണ ബോധ്യം ഉണ്ടായിരുന്നിട്ടും തന്റെ അമ്മയെ മനസ്സ് നിറഞ്ഞ് അവൾ സ്നേഹിച്ചു. അമ്മയുടെ തിരോധാനം അവൾക്ക് താങ്ങാൻ കഴിയുന്നതില്ല മപ്പുറമായിരുന്നു .

പെട്ടെന്ന് ചന്ദ്രഭാമ കണ്ണുതുറന്നു.അവൾ ആകാശത്തേക്ക് നോക്കി. വാടാറായ സൂര്യകാന്തിയുടെ നിറമുള്ള  ആകാശത്തെ കണ്ട അവൾ  ധൃതിയിൽ തറവാട്ടിലേക്ക് നടന്നു... ഒരു നിശ്ചയദാർഢ്യം അവളുടെ കണ്ണുകളിൽ പ്രതിധ്വനി

ക്കുന്നുണ്ടായിരുന്നു. തറവാട്ടിൽ എത്തിയ അവൾ ആടയാഭരണങ്ങൾ അണിയാൻ തുടങ്ങി. കരുമിഴികൾ വീണ്ടും കറുപ്പിച്ചു. ചുണ്ടത്ത് ചായം തേച്ചു. ഇപ്പോൾ അവളെ കണ്ടാൽ ഏതു ഗന്ധർവനും മയങ്ങും വേഷവിധാനങ്ങൾ. എല്ലാം അണിഞ്ഞ ചന്ദ്രഭാമ തന്റെ അമ്മയുടെ. ചിത്രം നോക്കി തൊഴുത് ഒരു മണ്ണെണ്ണ വിളക്കും കയ്യിൽ ഏന്തി തറവാട്ടിൽ നിന്നിറങ്ങി അന്ധകാരത്തിലേക്ക് നടക്കാൻ തുടങ്ങി. മണ്ണെണ്ണ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ മുന്നോട്ട് നടന്ന ചന്ദ്രഭാമയുടെ മുഖത്ത് ഒട്ടും ഭയം ഉണ്ടായിരുന്നില്ല. നടന്നുനടന്ന് കുറെ ദൂരം കഴിഞ്ഞപ്പോൾ ചന്ദ്രഭാമ നിന്നു.. അവളുടെ മുഖത്ത് ചെറിയൊരു പുഞ്ചിരി വിടർന്നു. എവിടെയാണ് അവൾ എത്തിയത്?.... ശിവക്കാവ്.. അതെ ശിവക്കാവിൽ..

തന്റെ അമ്മയോടൊപ്പം അവൾ ആദ്യമായി നൃത്തം അഭ്യസിച്ച തുടങ്ങിയ ഇടം. ശിവക്കാവിന്റെ  പൊടിത്തറയിൽ അവൾ ആ മണ്ണെണ്ണ വിളക്ക് വച്ചു. എന്നിട്ട് അവിടെ ഇരുന്നു ചിലങ്ക അണിഞ്ഞു. ശിവനെ തൊഴുത് അമ്മയെ ധ്യാനിച്ച്  നൃത്തം ചെയ്യാൻ തുടങ്ങി. വാദ്യമേളങ്ങളുടെ അകമ്പടിയില്ലാതെ മനസ്സിൽ അലിഞ്ഞ ഗാനത്തിൽ നൃത്തം ആടി.

കീർത്തന പി.രാജീവ്(7B)

# പാത്തുമ്മയുടെ ആട്

വൈക്കം മുഹമ്മദ് ബഷീറിന്റെ വളരെ പ്രശസ്തമായ നോവലാണ് പാത്തുമ്മയുടെ ആട്. ഈ നോവലിന് പെണ്ണുങ്ങളുടെ ബുദ്ധി എന്നൊരു പേരും കൂടി ബഷീർ നൽകിയിട്ടുണ്ട്.
എല്ലാവരിലും നന്മയും സ്നേഹവും കണ്ടെത്തുന്ന അദ്ദേഹത്തിന്റെ ജീവിതവീക്ഷണം കൂടി പ്രകടമാക്കുന്ന കൃതിയാണിത്.ബഷീറിന്റെ ഉമ്മയും സഹോദരങ്ങളും അവരുടെ ഭാര്യമാരും തന്റെ തനതു ശൈലിയിൽ വിവരിച്ചിരിക്കുകയാണ് ബഷീർ ഈ നോവലിൽ. ആ വീട്ടിലെ ഓരോ കുടുംബാംഗവും എന്ന് മാത്രമല്ല ബഷീറിന്റെ സഹോദരി പാത്തുമ്മ വളർത്തുന്ന ആട് വരെഈ നോവലിലെ കഥാപാത്രങ്ങളാണ്. നോവലിലെ പ്രധാന കഥാപാത്രമാണ് പാത്തുമ്മ. പേര് സൂചിപ്പിക്കുന്നത് പോലെ ഈ പാത്തുമ്മയുടെ ആടിനെ ചുറ്റിപ്പറ്റിയാണ് നോവലിന്റെ കഥാഗതി. തന്നെ അലട്ടിയിരുന്ന മാനസിക അസുഖത്തിന് ചികിത്സയും വിശ്രമവും ആയി വൈക്കത്തിനടുത്ത് തലയോലപ്പറമ്പിലുള്ള കുടുംബവീട്ടിൽ കഴിയുമ്പോഴാണ് 1954 ഇത് ബഷീർ എഴുതുന്നത്. കണ്ണീരിനെ പൊട്ടിച്ചിരി ആക്കി മാറ്റുന്ന രാസവിദ്യ ബഷീറിന് മാത്രം സ്വന്തം. ബഷീർ കഥ എഴുതുകയില്ല പറയുകയാണ് മാത്രമല്ല എത്ര ലളിതമാണ് ബഷീറിന്റെ എഴുത്ത്. പരിഹാസവും പിന്നെ തന്നെ ചുറ്റിപ്പറ്റുന്ന മനുഷ്യനോട് ജീവജാലങ്ങളോടും പരോക്ഷത്തിൽ വച്ച് പുലർത്തുന്ന വാത്സല്യവും ലാളനയും കാണാവുന്നതാണ്. സ്വന്തം ജീവിതത്തെയും ജീവിത ദുരിതങ്ങളെയും തന്റേത് മാത്രമായ ചിരി കൊണ്ട് ബഷീർ എമ്പാടും കുടഞ്ഞിട്ട രചനയാണ് പാത്തുമ്മയുടെ ആട്.

# അമ്മ

നീ... മമ ചിത്തമാണ്, എൻ അമ്മേ...
എന്നിൽ നീ അഭൗമ മാം ചേതോഹരം..
നന്ദി ചൊല്ലുന്നു ഞാൻ അമ്മേ, നീ എന്റെ
സ്വന്തമായി സ്വർണ്ണമായി മാറിയല്ലോ..
അമ്മ എന്ന വാക്ക് നിനക്ക് ഉചിതമായി.....
എങ്ങനെ ഞാൻ ചൊല്ലും നന്ദി നിന്നോട്
മാതൃത്വം തുളുമ്പുന്ന നിൻ ആനന്ദം കാണുമ്പോൾ
കരുമിഴി നിറയുന്നു ആനന്ദത്താൽ
നീ തന്നു  എനിക്ക് സ്നേഹവുംകരുതലും
ഞാനെന്തു നൽകും നിനക്കുവേണ്ടി
അജ്ഞയായ ഞാൻ അറിവ് നേടി നിന്നിൽ നിന്നും
നന്ദി അമ്മേ നന്ദി മാത്രം

കൃഷ്ണ ഗിരീഷ്(7B)

# പ്രിയപ്പെട്ട മേഴ്സിടീച്ചറിന്

പഠിപ്പിക്കുന്ന രീതിയും പകർന്നു നൽകുന്ന സ്നേഹവും പ്രതീക്ഷ നൽകിയുള്ള കരുതലുമാണ് വിദ്യാർത്ഥികളുടെ മനസ്സിൽ ഒരിക്കലും മറക്കാത്ത മികച്ച നല്ല അധ്യാപകരെ സൃഷ്ടിക്കുക.

നന്മയുടെവെളിച്ചമായി ഇരുട്ടിൽ കൈപിടിച്ച് എന്നും തണൽ മരമായി സ്വപ്നങ്ങൾ കോർത്ത് ഒരായിരം കിനാക്കൾ കാണാൻ നമ്മെ വഴി നടത്തുന്നതും ഇവരാണ്.

അ എന്ന ആദ്യാക്ഷരത്തിൽ പകർത്തിയെഴുതാവുന്ന ഇതിഹാസമായി അധ്യാപകർ മാറുമ്പോൾ അന്നം മുട്ടുന്ന അമ്മയ്ക്കും അന്നമേകുന്ന അച്ഛനും സമനായിട്ടാണ് അക്ഷരങ്ങളാൽ അറിവേകിയ അധ്യാപകരും... ഈ അധ്യാപകരിലെ ശ്രേഷ്ഠതയാണ് മേഴ്സി ടീച്ചറിലൂടെ നാം കണ്ടത്.

ഒരു പൂ പറിക്കുന്ന ലാഘവത്തോടെ ശ്രേഷ്ഠ ഭാഷയാം മലയാളത്തെ കൈകാര്യം ചെയ്ത്   ആയിരക്കണക്കിന് കുരുന്നുകളുടെ ഹൃദയത്തിൽ നിറച്ച് പാഠപുസ്തകങ്ങളിലൂടെ സ്നേഹം നിറച്ച് ഔദ്യോഗിക ജീവിതത്തിൽ നിന്നും പടിയിറങ്ങുമ്പോൾ ഓർമ്മിക്കുവാൻ ഒരുപിടി ഓർമ്മകൾ മാത്രം..

കിടങ്ങൂർ സെന്റ് മേരീസിന്റെ സുവർണ്ണ കാലഘട്ടങ്ങളിലെ കണ്ണിയാകുവാൻ മേഴ്സി ടീച്ചറിന് ആയി എന്നതും അതിശക്തമായ പ്രവർത്തനങ്ങളിൽ നേതൃത്വം കൊടുക്കാനും ടീച്ചർക്ക് ആയി എന്നതും ചാരിതാർത്ഥ്യമാണ്.

സ്കൂൾ ബാൻഡ് സെറ്റ് ,പരിചമുട്ട്, ചവിട്ടുനാടകം, മാർഗംകളി തുടങ്ങിയവ കലോത്സവങ്ങളിൽ കുട്ടികളെ കൊണ്ട് അവതരിപ്പിക്കുന്നതിലും വിവിധ പ്രോഗ്രാമുകളിൽ സ്കൂളിന് പുറത്തുകൊണ്ടു പോകുന്നതിനുമായി രാപ്പകലില്ലാതെ കഷ്ടപ്പെട്ട അധ്യാപകരിൽ മുഖ്യപങ്ക് വഹിക്കുവാൻ മേഴ്സി ടീച്ചറിനായി. അധ്യാപക കൂട്ടായ്മയിലെ സൗഹൃദബന്ധങ്ങളെ കൂട്ടിയിണക്കി ചിരിയുടെ വസന്തം പൊഴിക്കുവാൻ ടീച്ചറുടെ സാന്നിധ്യം വളരെ വിലപ്പെട്ടതായിരുന്നു.

പരാതികൾ ഇല്ലാതെ സ്നേഹവായ്പോടെ കരുതലിന്റെ സ്പർശനമാകുവാൻ ടീച്ചർ തെളിച്ച വഴികൾ ഞങ്ങളും മാതൃകയാക്കുന്നു. വിശ്രമ ജീവിതത്തിന്റെ പടികൾ ചവിട്ടുമ്പോൾ സഫലമാകട്ടെ ജീവിതം..

യാത്രാമംഗളങ്ങൾ

ജോമി ജെയിംസ്

മുന്നിൽ വരുന്ന കുട്ടികൾക്ക് അമ്മ മലയാളത്തിന്റെ ചൂടും ചൂരും പകർന്നു കൊടുത്തുകൊണ്ട് കുട്ടികൾക്ക് അമ്മയും ചേച്ചിയുമായി സഹപ്രവർത്തകർക്ക് സാഹോദര്യത്തിന്റെ കൈത്താങ്ങായി നാടിനും വീടിനും അഭിമാനമായി നക്ഷത്ര ശോഭയോടെ 23 വർഷക്കാലം അധ്യാപന ലോകത്ത് നിറഞ്ഞുനിന്നു ഇപ്പോൾ അധ്യാപന ജീവിതത്തിൽ നിന്നും പടിയിറങ്ങുന്ന ഞങ്ങളുടെ പ്രിയപ്പെട്ട മേഴ്സി ടീച്ചർക്ക് ഭാവിജീവിതം ഈശ്വരാനുഗ്രഹം നിറഞ്ഞതാകട്ടെ എന്ന് ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു

ഡെയ്സി കെ. എസ്

# പുഞ്ചിരി

അഞ്ചിതം പൂൽകുന്ന
ചിഞ്ചലം പോലെ നീ
കാറ്റിൽ അലിയുന്ന വെൺമയായി ശോഭയായി
എൻ ഹൃദയം തേടുന്ന
അതിഭൗമിക ഭംഗി
ഏതെല്ലാം മായകൾ നീ
വിണ്ണിൽ വിതയ്ക്കുന്നു
നീ ചെറു കുസൃതികൾ
മാറ്റുന്ന ലോകമെങ്ങും
നീയല്ലോ വിണ്ണിലെ
സ്നേഹത്തിന് ഉത്തമവും
സർവ്വവും ഉൾപ്പെട്ട
സന്തോഷത്തിൻ നാമ്പുകൾ
നീയല്ലോ എൻ പ്രിയേ
ലോകമാം പുഞ്ചിരിയെ

കീർത്തന പി രാജീവ്(7B)

# THANK YOU

EDITORIAL BOARD

*ANTONY SABU*

*JERIK JOMON*

*SHONA SHYJU*

*SINTA SINOY*